**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 114** **04-07-2022 - ൽ മറുപടിയ്ക്ക്**

**എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാനത്തെ മിച്ചഭൂമി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (എ) | കേരള ഭൂപരിഷ്കരണ നിയമം 1963ലെ സെക്ഷൻ 82 പ്രകാരം നിശ്ചയിച്ചിട്ടുള്ള ഭൂപരിധിയിൽ കൂടുതൽ ഭൂമി വ്യക്തി/കുടുംബം/കമ്പനി കൈവശം വയ്ക്കുന്നുണ്ടെങ്കിൽ അതുകണ്ടെത്തി മിച്ചഭൂമിയായി പ്രഖ്യാപിച്ച് ഏറ്റെടുക്കുന്നതിനുള്ള അധികാരം താലൂക്ക് ലാന്റ് ബോർഡുകൾക്കാണ്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി എല്ലാ താലൂക്ക് ലാന്റ് ബോർഡുകളും പുനഃസംഘടിപ്പിച്ചിട്ടുണ്ട്. 77 ലാൻഡ് ബോർഡുകളിലായുള്ള മിച്ചഭൂമി കേസുകൾ സമയബന്ധിതമായി തീർപ്പാക്കി മിച്ചഭൂമി ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിനായി താലൂക്ക് ലാൻഡ് ബോർഡ് ജീവനക്കാർക്ക് പരിശീലനം നൽകി കേസുകൾ തീർപ്പാക്കുന്നതിന് സമയക്രമവും ടാർജറ്റും നിശ്ചയിച്ചിട്ടുണ്ട്. താലൂക്ക് ലാന്റ് ബോർഡുകളുടെ പ്രവർത്തന പുരോഗതി എല്ലാ മാസവും അവലോകനം ചെയ്ത് വരുന്നു. കൂടാതെ യുണിക് തണ്ടപ്പേർ സംവിധാനവും സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ട്.യൂണിക് തണ്ടപ്പേർ നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്ത് ഒരു വ്യക്തിക്ക് സംസ്ഥാനത്തെ വിവിധ വില്ലേജുകളിൽ നിലവിലുള്ള ഭൂമിയും ഭാവിയിൽ ആർജ്ജിക്കുന്ന ഭൂമിയും ഒറ്റ തണ്ടപ്പേരിൽ വരുന്നതും കേരള ഭൂപരിഷ്കരണ നിയമം 1963-ലെ സെക്ഷൻ 82 അനുശാസിക്കുന്ന ഭൂപരിധി അധികരിക്കുന്നുണ്ടോയെന്ന് ഏകജാലത്തിൽ കണ്ടെത്തി ഉണ്ടെങ്കിൽ ടി കക്ഷികൾക്കെതിരെ മിച്ചഭൂമി കേസെടുത്ത് അധിക ഭൂമി ഏറ്റെടുക്കുന്നതിന് കഴിയുന്നു. |
| (ബി) | വിദേശ കമ്പനികളുടെ കൈവശത്തിലുള്ളതും രേഖകളില്ലാത്തതുമായ ഭൂമി ഏറ്റെടുക്കുന്നതിന് | (ബി) | ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി സംസ്ഥാനത്ത് 8 ജില്ലകളിലായി കൈവശം വച്ചിരുന്നതും കൈമാറ്റം ചെയ്തതുമായ 59,623 ഏക്കർ |

| | |
|---|---|
| എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ഭൂമി സംബന്ധിച്ച അന്വേഷണത്തിനായി 16.12.2005ലെ ജി.ഒ(ആർ.ടി) 6562/05/ആർ.ഡി നമ്പർ ഉത്തരവു പ്രകാരം ഡോ.നിവേദിതാ പി ഹരൻ IASന്റെ നേതൃത്വത്തിൽ ഒരു ഉന്നതാധികാര സമിതി സർക്കാർ രൂപീകരിക്കുകയും പ്രസ്തുത സമിതി ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി ഉൾപ്പെടെയുള്ള വിദേശ കമ്പനികൾ കൈവശം വച്ചിരുന്ന 76769.80 ഏക്കർ ഭൂമിയിൽ ടി കമ്പനി 12,658.16 ഏക്കർ ഭൂമി 1963ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് കൈമാറി കഴിഞ്ഞതായും കമ്പനി യാതൊരു രേഖകളുടേയും പിൻബലമില്ലാതെ ആയിരക്കണക്കിന് ഏക്കർ ഭൂമി കൈവശം വച്ചിരിക്കുന്നതായും കണ്ടെത്തിയിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ കൊച്ചി സർക്കാരുകൾ വിദേശ പൗരൻമാർക്കും കമ്പനികൾക്കും വ്യ.വസ്ഥകളോടെ നൽകിയിരുന്ന പാട്ടങ്ങളിലും ഗ്രാന്റുകളിലും ഉൾപ്പെട്ട ഭൂമി കരാറുകളിലെ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടതിനാൽ 1957ലെ കേരള ഭൂസംരക്ഷണ നിയമത്തിലെ സെക്ഷൻ 11, 12 എന്നിവയിലെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നിയമ നടപടികൾ സ്വീകരിക്കാമെന്ന് കേരള -മുബൈ ഹൈക്കോടതികളിലെ ജഡ്ജി യായിരുന്ന ജസ്റ്റിസ് (റിട്ട.) മനോഹരൻ നിയമോപദേശം നൽകിയിരുന്നു.<br><br>മേൽപ്പറഞ്ഞ റിപ്പോർട്ടിന്റേയും നിയമോപദേശത്തിന്റേയും അടിസ്ഥാനത്തിൽ സർക്കാർ ഭൂമി വീണ്ടെടുക്കുന്നതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 10.09.2009ലെ G.O(Rt.) 3197/2009/RD നമ്പർ ഉത്തരവ് പ്രകാരം ലാന്റ് റവന്യൂ അസിസ്റ്റന്റ് കമ്മീഷണറായിരുന്ന ശ്രീ സജിത് ബാബു വിന്റെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടീം രൂപീകരിക്കുകയും വിദേശ കമ്പനികളും പൗരൻമാരും സംസ്ഥാനത്തെ ഭൂനിയമങ്ങളും 1973ലെ Foreign Exchange Regulation Act ലേയും വ്യവസ്ഥകൾ ലംഘിച്ചത് സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.<br><br>ബഹു ഹൈക്കോടതിയുടെ WP© 14251/2012, 213/2013 എന്നീ കേസുകളിലെ വിധിയുടെ അടിസ്ഥാന ത്തിൽ .ഹാരിസൺസ് മലയാളം ലിമിറ്റഡ്, അവരിൽ നിന്നും ഭൂമി നേടിയവർ, മറ്റ് കയ്യേറ്റക്കാർ മുതലായവർ കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനായി 25/04/2013-ലെ ജി.ഒ.(എം.എസ്സ്) 161/2013/ ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം നിയമിച്ച സ്പെഷ്യൽ ഓഫീസർ & |

| | | | |
|---|---|---|---|
| | | | കളക്ടർ, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി മേൽപ്പറഞ്ഞവർ കൈവശം വച്ചിരിക്കുന്ന 38,170.92 ഏക്കർ തോട്ടം ഭൂമി സർക്കാർ ഭൂമിയാണെന്ന് പ്രഖ്യാപിച്ച് കേരള ഭൂ സംരക്ഷണ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുത്ത നടപടി ചോദ്യം ചെയ്തുകൊണ്ട് ഹാരിസൺസ് മലയാളം ലിമിറ്റഡും മറ്റു കമ്പനികളും ഫയൽ ചെയ്ത WP(C)33122/2014 & Others കേസുകളിലെ ബഹു.ഹൈക്കോടതിയുടെ 11/04/2018-ലെ വിധിന്യായത്തിൽ കേരള ലാൻഡ് കൺസർവെൻസി ആക്ട് പ്രകാരം നിയോഗിച്ച സ്പെഷ്യൽ ഓഫീസർക്ക് തർക്ക ഭൂമിയുടെ ഉടമസ്ഥത ഏകപക്ഷീയമായി നിർണ്ണയിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് 'ജൂറിസ്ഡിക്ഷൻ' ഇല്ല എന്ന് നിരീക്ഷിച്ച കോടതി, സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുക്കുന്നതിനായി പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദുചെയ്യുകയുണ്ടായി. ഉടമസ്ഥത (title)സംബന്ധിച്ച് തർക്കമുണ്ടെങ്കിൽ സർക്കാരിന് സിവിൽ കോടതികളിൽ കേസുകൾ ഫയൽ ചെയ്യാവുന്നതാണെന്നും വിധിച്ചിരുന്നു. ടി വിധിക്കെതിരെ സർക്കാർ ബഹു.സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ ഫയൽ ചെയ്തിരുന്നുവെങ്കിലും, വിശദമായ വാദം കേൾക്കാതെ തന്നെ അപ്പീലുകൾ തള്ളുകയുണ്ടായി. തുടർന്ന് സംസ്ഥാനത്ത് മെസ്സേഴ്സ്. ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ മറ്റ് കമ്പനികളും വ്യക്തികളും കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ സർക്കാരിനുള്ള ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനായി 11/04/2018-ലെ WP(C)33122/2014 & Others കേസുകളിലെ ബഹു.ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ, സിവിൽ കോടതികളിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് 06/06/2019-ൽ സ.ഉ.(കൈ.)172/2019/റവ. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസിൽ നിന്നും സർക്കാരിൽ ലഭ്യമാക്കിയ 48 തോട്ടങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനായി കൈമാറിയിരുന്നു. തുടർന്ന്, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, ജില്ലകളിൽ മെസ്സേഴ്സ്. ഹാരിസൺസ് മലയാളം ലിമിറ്റഡും സമാനമായ കമ്പനികളും കൈവശം വച്ചിരിക്കുന്ന 31,334 ഏക്കർ ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത (title) സ്ഥാപിക്കുന്നതിനായി 8 സിവിൽ കേസുകൾ നിലവിൽ ഫയൽ ചെയ്തിട്ടുണ്ട്. (വിശദാംശങ്ങൾ |

| | | | |
|---|---|---|---|
| | | | അനുബന്ധം-1-ൽ ചേർക്കുന്നു) ബാക്കി ജില്ലകളിലും അപ്രകാരം സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | മലയോര മേഖലയിലെ ഭൂരഹിതർക്ക് പട്ടയം നൽകുന്നതിനായി രൂപം നൽകിയിട്ടുള്ള കർമ്മ പരിപാടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (സി) | 1993-ലെ കേരള ഭൂമി പതിച്ചു നൽകൽ (01/01/1977-ന് മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരം 01/01/1977-ന് മുമ്പ് വനഭൂമി കൈവശംവച്ച് വരുന്നവർക്ക് പട്ടയം നൽകുന്ന നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഉൾപ്പെടുന്ന വനഭൂമിയിൽ സംയുക്ത പരിശോധനകൾ നടത്തി ടി പരിശോധനാ വിവരങ്ങൾ ഓൺലൈനായി കേന്ദ്ര വനം വകുപ്പിന്റെ സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി ടി സ്ഥലങ്ങളുടെ ജി.പി.എസ് കോ-ഓർഡിനേറ്റ്സുകൾ ശേഖരിച്ചുവരുന്നു. സംയുക്ത പരിശോധനാവിവരങ്ങൾ പൂർണ്ണമായും ലഭ്യമായ കേസുകളിൽ ടി വിവരം കേന്ദ്ര വനം വകുപ്പിന്റെ സൈറ്റിൽ അപ് ലോഡ് ചെയ്ത് കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടി ഭൂമിയിൽ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. സംയുക്ത പരിശോധന പൂർത്തിയാക്കി കേന്ദ്രാനുമതിയ്ക്കായി വിവരങ്ങൾ അപ് ലോഡ് ചെയ്തിട്ടുള്ള ജില്ലകളിലെ വിവരങ്ങൾ അനുബന്ധം-2ൽ ചേർക്കുന്നു. |
| (ഡി) | ആദിവാസി വിഭാഗത്തിൽപ്പെട്ട മുഴുവൻ ജനങ്ങളെയും ഭൂമിയുടെ അവകാശികളാക്കുന്നതിന് റവന്യൂ വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | 1999-ലെ കേരള പട്ടിക വർഗ്ഗ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും ആക്റ്റിലെ സെക്ഷൻ 10 പ്രകാരം ഭൂരഹിതരായ പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് അവർ താമസിക്കുന്ന ജില്ലയിൽ 40 ആർ ഭൂമി വരെയും, കേരള ഗവൺമെന്റ് ഭൂമി പട്ടിക വർഗ്ഗങ്ങൾക്ക് പതിച്ചു നൽകൽ ചട്ടങ്ങൾ 2001-ലെ ചട്ടം 3 പ്രകാരം അധിവസിക്കുന്നതിനും കാർഷികാവശ്യങ്ങൾക്കുമായി വ്യവസ്ഥകൾക്ക് വിധേയമായും ഭൂമി പതിച്ചു നൽകുന്നു. 2006-ലെ പട്ടിക വർഗ്ഗ ഗോത്രവർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) ആക്റ്റ് പ്രകാരം അവകാശ രേഖയും നൽകി വരുന്നു. കൂടാതെ കേന്ദ്രാനുമതി ലഭിച്ച 19,000 ഏക്കർ നിക്ഷിപ്ത വനഭൂമി പട്ടിക വർഗ്ഗക്കാർക്ക് പതിച്ചു നൽകുന്ന നടപടികൾ ജില്ലാ തലത്തിൽ പുരോഗമിച്ചുവരുന്നു. ജില്ലകളിൽ നിക്ഷിപ്ത വനഭൂമി പതിച്ചു നൽകിയതിന്റെ വിവരങ്ങൾ അനുബന്ധം-3ൽ ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

**Details of civil case filed by the State against Harrisons Malayalam Limited (HML) and others for establishing title as per G.O .(Ms)172/2019/RD dated 06/06/2019 ( as on 31/05/2022)**

| Sl. No. | Title case No. and date | Defendants | Area of Estate in Acres | District/ Taluk | Court Name and Status |
|---|---|---|---|---|---|
| 1 | OS 72/2019-Dec.19 & IA 07/2020-19 jun 20 | Ayana Charitable Turst (former Gospel for Asia) known as Cheruvally Estate, &HML (as 2nd defendant) | 2263.80 | Kottayam/Kanjirapally Taluk- Erumely South &Manimala Villages | Sub Court Palai / pending |
| 2 | OS 10/2020 jun 2020 | Riya Resorts &Properties Pvt. Ltd &HML (as 2nd defendant) | 206.51 | Kollam / Punaloor | Sub Court Punaloor/ pending |
| 3 | OS 47/2020 jul 2020 | M/s. Harrisons Malayalam Ltd &6 others | 9293.74 | Pathnamthitta / Konni &Ranni | Sub Court PTA / pending |
| 4 | OS 56/2020 04/12/2020 | Travancore Rubber & Tea Co. Ltd. | 7373.67 | Idukki and Kottayam District- Peermade & Kanjirapally | Sub Court Kattappana / pending |
| 5 | OS 02/2021 06/01/2021 | Travancore Rubber & Tea Co. Ltd. | 2699.39 | Kollam District Punalur Taluk- Ariiencavu & Edamon Villages | Sub Court Punaloor/ pending |
| 6 | OS 12/2021 27/02/2021 | M/s. Harrisons Malayalam Ltd. | 7588.83 | Kollam District Punalur Taluk- Ariiencavu & Thenmala Villages | Sub Court Punaloor/ pending |
| 7 | OS 43/2021 20/12/2021 | M/s.Priya Plantations | 492.15 | Kollam District Punalur Taluk- Ariiencavu & | Sub Court Punaloor/ pending |

| | | | | | |
|---|---|---|---|---|---|
| | | | | Thenmala Villages | |
| 8 | OS 15/2022 22/02/2022 | M/s. Harrisons Malayalam Ltd. | 1416.63 | Kottayam District Kanjirapally Taluk, Erumely North Erumely South & Edakkunnam Villages | Sub Court Palai/ pending |

**Total area: 31,334.72 Acres**

**അനുബന്ധം-2**

| ക്രമ നം. | ജില്ല | ഭൂമി ഉൾപ്പെട്ടുവരുന്ന താലൂക്കുകൾ | ഗുണഭോക്താക്കളുടെ എണ്ണം | ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | പത്തനംതിട്ട | റാന്നി, മല്ലപ്പള്ളി, കോന്നി. | 6324 | 1970.04 |
| 2 | പാലക്കാട് | ആലത്തൂർ, മണ്ണാർക്കാട്, പാലക്കാട്, ചിറ്റൂർ. | 643 | 260.0898 |

**അനുബന്ധം-3**

| ക്രമ നം. | ജില്ല | കേന്ദ്രാനുമതി ലഭിച്ച ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ) | ഭൂമി ലഭിച്ച പട്ടിക വർഗ്ഗ കുടുംബങ്ങളുടെ എണ്ണം | അനുവദിച്ച ഭൂമി യുടെ ആകെ വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|
| 1 | പാലക്കാട് | 4361.3027 | 2003 | 1005.9000 |
| 2 | മലപ്പുറം | 203.64 | 34 | 6.88 |
| 3 | വയനാട് | 3008.08 | 1407 | 978.74 |
| 4 | കണ്ണൂർ | 83.00 | - | അനുവദിച്ച ഭൂമി വാസ യോഗ്യ മല്ലാത്തതിനാൽ പകരം ഭൂമി അനുവദിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 5 | കാസർഗോഡ് | 37.20 | 150 | 30.36 |